# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## ഗവ. ഡബ്ലിയു . എൽ. പി . എസ്

## ഉളവൂക്കാട്

# ആമുഖം

സമഗ്ര ഗുണമേന്മ വർഷത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകമാവേണ്ടതുണ്ട്. അക്കാദമിക മികവുകൾക്കൊപ്പം പാഠ്യേതര രംഗത്തും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുവാൻ നാം പരിശ്രമിക്കണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വതന്ത്രവും ശിശു സൗഹൃദ പരവുമായ അന്തരീക്ഷം ഒരുക്കണം. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ വിദ്യാർത്ഥികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ്മ ഇതിന് ആവശ്യമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ, ശുചിത്വ, സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ മാത്രമേ ഒരു വിദ്യാലയം മികവുറ്റതാവുകയുള്ളൂ. വിവരസാങ്കേതികവിദ്യപ്രയോജനപ്പെടുത്തുന്നതിലൂടെ നമ്മുടെ സ്കൂൾ മികവിന്റെ പാതയിൽ മുന്നേറുന്നു.

# <u>മികവിന്റെ കാഴ്ചപ്പാട്</u>

### അക്കാദമികം

- ഭാഷാശേഷിവികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്രപോഷണ പരിപാടി
- വായന പരിപോഷണം.
- ലൈബ്രറി ശാക്തീകരണം
- പ്രതിഭ പോഷണപരിപാടി
- സാഹിത്യപോഷണ പരിപാടികൾ
- പഠനയാത്രകൾ
- ഐ.ടി പരിശീലനം
- അധ്യാപകശാക്തീകരണ പരിപാടികൾ
- ക്ലാസ് പിടി.എ സജീവമാക്കൽ
- സ്കൂൾ, പത്രം/ മാസിക
- പ്രവൃത്തിപരിചയ പഠനം
- ഒന്നാം ക്ലാസ് ഒന്നാംതരം
- എസ്. ആർ. ജി ശാക്തീകരണം
- ശാസ്ത്രഭിരുചി വളർത്തൽ
- അഭിമുഖങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- പോഷകാഹാരപരിപാടി
- ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ
- ദിനാചരണം

### ഭൗതികം

- അടുക്കള
- ഡൈനിങ് ഹാൾ

### സാമൂഹികം

- പി.ടി.എ ശക്തിപ്പെടുത്തൽ
- എസ്.എം.സി, എസ്. സി .എം. സി കാര്യക്ഷമമാക്കൽ
- വിദ്യാലയ വികസന സമിതി
- എസ് എൽ ജി ബന്ധം
- ഗ്രന്ഥശാലകൾ
- ക്ലാസ് പിടിഎ മാതൃക പരമാക്കുന്നതിനുള്ള
- നടപടികൾ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ

## നിലവിലെ അവസ്ഥാ വിശകലനം

| | |
|---|---|
| വർഷം | 2025- 2026 |
| കുട്ടികൾ | 37 |

| തസ്തിക | എണ്ണം |
|---|---|
| H.M | 1 |
| LPSA | 4 |
| Pre-Primary Teacher | 1 |
| PTCM | - |
| Cook | 1 |

| അധ്യാപകർ | ചുമതലകൾ |
|---|---|
| രാജേഷ് | ഉച്ചഭക്ഷണം |
| സൈജ .എസ് .മുഹമ്മദ് | ഐ.ടി |
| തുഷാര | എസ് .ആർ. ജി കൺവീനർ |
| ഷീജ | വിവിധ ക്ലബ്ബുകൾ |

## വിദ്യാലയം- അടിസ്ഥാനവിവരങ്ങൾ

- മിക്ക കുട്ടികളും കോളനിയിൽ നിന്നാണ് വരുന്നത്. വിദ്യാഭാസപരമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്ന കുടുംബ സാഹചര്യമാണ് ഈ കുട്ടികൾക്ക് ഉള്ളത്.
- സ്ഥല പരിമിതി മൂലം ലാബ്, ലൈബ്രറി, മുതലായവ കൃത്യമായി സജ്ജീകരിക്കുവാൻ കഴിയുന്നില്ല.
- കേവലം 3 സെന്റിൽ നിൽക്കുന്ന ഇരുനില കെട്ടിടത്തിലാണ് വിദ്യാലയം പ്രവർത്തിക്കുന്നത്.

- കുട്ടികൾക്ക് കളിസ്ഥലമോ, കാർഷിക പ്രവർത്തനങ്ങളോ, ജൈവ വൈവിധ്യ ഉദ്യാനമോ ഒരുക്കാൻ കഴിയുന്നില്ല.

## പ്രശ്നങ്ങൾ- വെല്ലുവിളികൾ

- കലാ കായിക വിദ്യാഭാസത്തിനു സൗകര്യമില്ല.
- സ്ഥല പരിമിതി മൂലം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയുന്നില്ല.
- H.M ന്റെ ക്ലാസ് ചാർജ്
- പാഠപുസ്തകം, യൂണിഫോം എന്നിവ കൃത്യമായി ലഭ്യമാക്കൽ
- ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് അനുയോജ്യമായ സാഹചര്യങ്ങൾ ഇല്ല
- എസ് എം സി ഫലപ്രദമാകുന്നില്ല
- കാർഷിക സംസ്കാരം വളർത്തിയെടുക്കുവാൻ കഴിയുന്നില്ല

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷ, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസ, സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിവേഷത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയ അടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## പദ്ധതി രൂപീകരണ പ്രക്രിയ

- എസ്.ആർ .ജി യോഗത്തിൽ സമഗ്ര ഗുണമേന്മ വർഷം എന്ന കാഴ്ചപ്പാട് അവതരിപ്പിച്ചു. ചർച്ച ചെയ്തു.
- വികസന ആവശ്യങ്ങൾക്ക് ഭൗതികം, അക്കാദമികം എന്നിവ തരം തിരിച്ച രൂപരേഖ തയാറാക്കി
- എസ് എം സി എസ് ആർ ജി എന്നിവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിച്ചു
- ശില്പശാലയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കൂട്ടിച്ചേർത്തു.

## വിഷയമേഖല പ്രവർത്തനങ്ങൾ

### മാതൃഭാഷ

| പദ്ധതിയുടെപേര് | പ്രവർത്തനങ്ങളുടെ ലഘു വിവരണം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മധുരമൻ മലയാളം ശ്രദ്ധ | • പ്രീ ടെസ്റ്റ്<br>• വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും മാതൃഭാഷ വായനയിലും ലേഖനത്തിലും പ്രാപ്തരാക്കുക<br>• വായന ഒരു ശീലമാക്കുക രക്ഷിതാക്കളെ വായനയുടെ പ്രാധാന്യവും പ്രക്രിയയും ബോധ്യപ്പെടുത്തുക<br>• നല്ല വായനക്കാരെ | 2025-26 | അധ്യാപകർ | എസ്എംസി പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| | കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ തന്ത്രങ്ങൾ നടപ്പിലാക്കുക<br>• പോസ്റ്റ് ടെസ്റ്റ് | | | |

<u>പ്രവർത്തനങ്ങളുടെ ലഘു വിവരണം</u>

- പ്രവർത്തന വിശകലനം
- വായന സാമഗ്രികൾ പുനഃകരികരിക്കുക.
- വായനക്കാർഡുകൾ ക്രമീകരിക്കുക.
- ബലമാസികകൾ പ്രത്യേകം ക്രമീകരിക്കുന്നു.
- സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിൽ ക്രമികരിക്കുന്നു. ഓരോ ക്ലാസ്സിസും ലൈബ്രറി
- സ്കൂളിൽ ഒരു പത്രം - പത്രം കൃത്യമായി ക്രമീകരിക്കൽ
- വായന ഇ-വായനക്ക് അവസരം ഒരുക്കൽ
- ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ - കുറിപ്പ് തയ്യാറാക്കൽ
- ദിവസവും ക്ലാസ് തല വായനക്ക് അവസരം നൽകൽ
- കുട്ടികൾ തയ്യാറാക്കികൊണ്ടു വരുന്ന വാർത്തകൾ അസ്സെംബ്ലിയിൽ വായന. ബാല മാസികകളിലെ കഥകളും കവിതകളും ബാലസഭയിൽ അവതരിപ്പിക്കൽ
- I, II ക്ലാസ്സുകളിലെ കുട്ടികൾക്കായി പദകാർഡ് തയാറാക്കൽ
- പിന്നോക്കം നിൽക്കുന്നവർക്കായി അക്ഷര മരം ഒരുക്കുന്നു.
- തുടർന്ന് സ്വന്തമായി വാചകം നിർമിക്കുന്നു
- വായിപ്പിക്കുന്നു.
- മലയാളത്തിളക്കം പ്രയോജന പെടുത്തുന്നു .
- കുട്ടികൾ തന്നെ വായനക്കാർഡ് നിർമിങ്ങുന്നു.

# <u>ലേഖനം</u>

- വായനയിലൂടെ ലേഖനത്തിലേക്ക് .
- 3 മുതൽ 4 വരെ ലേഖനത്തിനവസരം.
- ലഘുവായ പുസ്തകങ്ങൾ നൽകി ക്ലാസ് റൂമിൽ വെച്ച് കുട്ടികളെ കൊണ്ടു വായിപ്പിച്ചു
- തത്സമയം ആസ്വാദന കുറിപ്പ് തയ്യാറാക്കൽ
- കുട്ടികൾ തയ്യാറാക്കി വരുന്ന ആസ്വാദനകുറിപ്പ് അസ്സെംബ്ലിയിൽ വായിക്കാനാവസരം നൽകുന്നു.
- മികച്ച കുറിപ്പിന് പ്രോത്സാഹനം നൽകൽ
- മാസത്തിൽ വായന മത്സരം സംഘടിപ്പിച്ചു വായന പ്രതിഭ, ലേഖന പ്രതിഭ, എന്നിവരെ കണ്ടെത്തൽ .
- പാഠ പുസ്തകത്തിലെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ടു വരുന്ന വ്യവഹാര രൂപങ്ങൾ.
- ശേഖരിച്ചു വളരുന്ന പുസ്തകം എന്ന കൈ പുസ്തകം രൂപീകരിക്കൽ.
- കാർഡിൽ കത്തെഴുത്ത്.
- ചിത്രത്തിൽ നിന്ന് കഥ, കവിത ഇഷ്ടപ്പെട്ട വ്യവഹാര രൂപങ്ങൾ.
- ഭാഷാ പഠനം ആസ്വാദകരമാക്കൽ.

# <u>ഗണിതം</u>

| പദ്ധതിയുടെ പേര് | പ്രവർത്തനങ്ങളുടെ ലഘു വിവരണം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ് ക്രിയകൾ | ◆ പ്രീ ടെസ്റ്റ്<br>◆ ഗണിതത്തിലെ അടിസ്ഥാന ചതുഷ് ക്രിയകൾ ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. .നിത്യജീവിതത്തിൽ ഗണിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള ശേഷി നേടുക<br>◆ ഗണിതത്തിലെ അടിസ്ഥാന വസ്തുതകൾ | 2025-2026 | അധ്യാപകർ | എസ് എം സി പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| | ഉറപ്പിക്കുക<br>◆ കൃത്യതയോടും സൂക്ഷ്മതയോടും കൂടി ചതുഷ് ക്രിയകൾ ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക<br>◆ പോസ്റ്റ് ടെസ്റ്റ് | | | |

<u>പ്രവർത്തനങ്ങളുടെ ലഘു വിശകലനം</u>

- I,II ക്ലാസുകളിലേക്ക് ഒരക്ക സംഖ്യയുമായി ബന്ധപ്പെട്ട ധാരാളം പ്രവർത്തനങ്ങൾ കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. അവയിലൂടെ സങ്കലന വ്യവകലന ക്രിയകൾ പരിശീലിപ്പിക്കുന്നു.
- മൂർത്ത വസ്മുക്കളായ കല്ല് മഞ്ചാടി പുളിങ്കുരു മുത്ത്, കമ്പുകെട്ടുകൾ എന്നിവയിലൂടെ സംഖ്യകളും ക്രിയകളും ഉറപ്പിക്കുന്നു!
- കളിനോട്ടുകൾ.കളിനാണയങ്ങൾ എന്നിവ ഉപയോഗിച്ച് ക്രിയകൾ ആവർത്തിക്കുന്നു.
- പഠന സാമഗ്രികളുടെ വില്പന സ്റ്റാൾ ഒരുക്കൽ
- വാങ്ങിയ സാധനങ്ങളുടെ ആകെ വില കണ്ടെത്തൽ
- സങ്കലനം വ്യവകലനം ഗുണനം എന്നീ ക്രിയകൾ ഉറപ്പിക്കൽ
- ദിനോസർ ഗെയിം, സബ്ട്രാക്ഷൻ ഗെയിം എന്നിവ ഉപയോഗിക്കുന്നു.
- 3. 4 ക്ലാസുകളിലേക്ക് വിൽപ്പന സ്റ്റാളിന്റെ ഉയർന്ന തലമൊരുക്കൽ

- ഉയർന്ന തലത്തിലുള്ള ചതുഷ്ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുന്നു.
- ബാങ്ക് പാസ് ബുക്കിന്റെ മാര്യക എല്ലാ കുട്ടികൾക്കും തയ്യാറാക്കൽ.
- സ്കൂൾ ബാങ്ക്  1.30 മുതൽ 2 30 വരെ.
- ഗണിത ലാബ് പ്രയോജനപ്പെടുത്തുന്നു.
- നിക്ഷേപിച്ച തുക, പിൻവലിച്ച തുക എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകൽ.
- സങ്കലനം, വ്യവകലനം, എന്നിവയുമായി ബന്ധപ്പെട്ട ഉയർന്ന ശേഷികൾ ഉറപ്പിക്കൽ. ഡോമിനോസ് ഉപയോഗിക്കുന്നു.
- I, II ക്ലാസ്സുകളിലേക്കു 2, 5, 10 എന്നീ സംഖ്യകളുടെ ഗുണനം ഉറപ്പിക്കൽ.
- 3.4 ക്ലാസുകളിലേക്ക് എല്ലാ സംഖ്യകളും ഉൾപ്പെടുന്ന ഗുണനം ഉറപ്പിക്കുന്നു.
- ആവർത്തന സങ്കലനമാണ് ഗുണനമെന്ന ആശയം ഉറപ്പിക്കൽ.

# ഇംഗ്ലീഷ്

| പദ്ധതിയുടെ പേര് | • പ്രവർത്തനങ്ങളുടെ ലഘു വിവരണം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്പോക്കൺ ഇംഗ്ലീഷ് | • പ്രീ ടെസ്റ്റ്<br>• കുട്ടികളുടെ ഇംഗ്ലീഷ് പദശേഷി വികസിപ്പിക്കുക<br>• അനായാസമായി ഇംഗ്ലീഷിൽ എഴുതുവാനും വായിക്കുവാനും ആശയവിനിമയം ചെയ്യുവാനുമുള്ള കഴിവുണ്ടാക്കുക. ഇംഗ്ലീഷിൽ ആശയ വിനിമയത്തിന് താല്പര്യമുണ്ടാക്കുക.<br>• തിയേറ്റർ പ്രവർത്തനത്തിലൂടെ ഇംഗ്ലീഷ് പഠനം ആക്കുക രസകരമാക്കുക. | 2025-26 | അധ്യാപകർ | എസ് എം സി പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| | പസിലുകൾ ഗെയിമുകൾ എന്നിവയിൽ പങ്കെടുക്കുവാനും സ്വയം നിർമ്മിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കുക. ഇംഗ്ലീഷിൽ ലഘുവായിട്ടുള്ള പ്രഭാഷണങ്ങൾക്ക് അവസരം ഒരുക്കുക..<br>• ഇംഗ്ലീഷിൽ കഥകളും കവിതകളും ആസ്വദിക്കുക കേട്ട് ആസ്വദിക്കുവാൻ ഐസിടി സാങ്കേതികവിദ്യ പ്രയോജന പ്പെടുത്തുക.<br>• പോസ്റ്റ്- ടെസ്റ്റ് | | | |

## സങ്കലിത വിദ്യാഭാസം

- സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശിലനം.
- പഠനയാത്ര
- തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രവുമായി സഹകരിച്ചു സ്പീച് തെറാപ്പി, പിസിയോ തെറാപ്പി എന്നിവക്കുള്ള സൗകര്യം ഒരുക്കൽ.

## മോണിറ്ററിങ്

- സർക്കാർ തലത്തിലുള്ള മോണിറ്ററിങ്.
- ദൈനംദിന മോണിറ്ററിങ് ശക്തിപ്പെടുത്തൽ.
- SMC, MPTA

## ഉപസംഹാരം

സ്കൂളിന്റെ പരിമിത സാഹചര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യുവാനുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിരിക്കുന്നത് . ഈ പ്രവർത്തനങ്ങളിലൂടെ ഈ വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയുമെന്ന് വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന എല്ലാവര്ക്കും ഉത്തമ വിശ്വാസമുണ്ട്.

# <u>അവലോകനം</u>

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി എസ്.എം.സി. വിളിക്കുകയും ഉൾപ്പെടുത്തേണ്ട വികസന പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ശില്പശാലയിൽ അവതരിപ്പിച്ചു. വിദ്യാലയത്തിന്റെ വികസനത്തിന് അസ്സുമായി നിൽക്കുന്ന പ്രശ്നങ്ങൾക്ക് വരും കാലങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിനുള്ള പ്രവർത്തന പദ്ധതയ്ക്കു രൂപരേഖയായി.